XII ക്രമപ്രശ്നം

ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾത്തന്നെ സമയം നാലരയായി നോമ്പ് തുറക്കേണ്ട പ്രശ്നമുണ്ട്, അങ്ങനെയാണെങ്കിൽ അവർക്ക് ഒരു സൗകര്യത്തിന് 6 മണിക്കും 7 മണിക്കും ഇടയ്ക്ക് സഭ നിർത്തിവയ്ക്കേണ്ടി വരും. അല്ലെങ്കിൽ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കണം.

മി. സ്പീക്കർ: ചെയർ ഇത് പറയാൻ പോയതാണ്. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിൽ ഡിസന്റ് അടക്കം 5 പേർ സംസാരിക്കാനുണ്ട്. 888 ഭേഭഗതികളുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ നമ്മൾ ആലോചിക്കേണ്ട വിഷയമാണ്. തീർച്ചയായും ഒരു ജനവിഭാഗത്തിന്റെ നോമ്പുകാലം, അതിന്റെ സമയത്തിന്റെ പ്രശ്നം, തീർച്ചയായും നമുക്ക് ആലോചിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രതിപക്ഷ ഉപനേതാവ് ചർച്ച മാറ്റിവയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിർദ്ദേശംവച്ചു. ഇതൊരു ഓർഡിനൻസാണ്, അത് പാസ്സാക്കണമെന്നുള്ള നിലയിലാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം, സമയത്തിന്റെ ബുദ്ധിമുട്ട് വന്ന സാഹചര്യത്തിൽ ഞങ്ങൾക്കത് സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. പക്ഷെ, നമുക്ക് വളരെ വേഗത്തിൽ ഒരു സെഷൻകൂടി കൂടേണ്ടിവരും. കാരണം, ഈ ഓർഡിനൻസ് മുഴുവനും പാസ്സാക്കാൻ പറ്റിയില്ല. ഓർഡിനൻസ് ന്യൂ ഇഷ്യൂ ചെയ്യുന്നതിനോട് ഗവൺമെന്റിന് വലിയ താൽപ്പര്യമില്ലെങ്കിലും വേറെ നിവൃത്തിയില്ല. അതുകൊണ്ട് ഈയൊരു നിയമം ഒഴിച്ചാൽത്തന്നെ ഏഴ് ഓർഡിനൻസ് റീപ്ലേസ് ചെയ്യേണ്ട സാഹചര്യമാണുണ്ടായിരുന്നത്. ഇപ്പോൾ എട്ട് ഓർഡിനൻസായി മാറും. അതുകൊണ്ട് ഏറ്റവും വേഗത്തിൽ ഒരു സെഷൻകൂടി കൂടേണ്ടിവരും. അതുകൂടി അറിയിച്ചുകൊണ്ട് ഈ നിർദ്ദേശം അംഗീകരിക്കുന്നതിൽ വിരോധമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ സഭയോടുള്ള അഭ്യർത്ഥന മാനിച്ച് ഈ സാഹചര്യത്തിൽ ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കുന്നു.

XIII ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിന്മേലുള്ള വിശദീകരണം

മി. സ്പീക്കർ: ചട്ടം 300 അവതരിപ്പിച്ച സമയത്ത് വന്ന ഡിമാന്റ് അനുസരിച്ച് ഒരു വിശദീകരണമുണ്ട്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധനവ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സർക്കാരിന് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകിയ ഫീസിന്റെ വിവരങ്ങളാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ബി.പി.എൽ.-നും

LIBRARY ARCHIVES Kerala Legislative Assembly

SEBC-ക്കും കഴിഞ്ഞ വർഷത്തേയുപോലെ ഫീസ് 25,000 രൂപയാണ്. വർദ്ധിപ്പിച്ചിട്ടില്ല. എസ്.സി./എസ്.റ്റി.-ക്ക് സർക്കാരാണ് ഫീസ് നൽകുന്നത്, അതും വർദ്ധിപ്പിച്ചിട്ടില്ല, കഴിഞ്ഞ വർഷത്തേയുപോലെ തന്നെയാണ്. ഗവൺമെന്റ് മെരിറ്റിൽ 1,65,000 രൂപയായിരുന്നത് 1,75,000 രൂപയായി. എല്ലാവർഷവും ചെറിയൊരു വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാണ് ഫീസിന്റെ കണക്ക്. മാനേജുമെന്റ് സീറ്റിൽ 7 ലക്ഷം രൂപയായിരുന്നത് 8 ലക്ഷം രൂപയും എൻ.ആർ.ഐ. സീറ്റിൽ 10.50 ലക്ഷം രൂപയായിരുന്നത് 11.50 ലക്ഷം രൂപയുമാണ്. ഓരോവർഷവും ഇതുപോലെ ഗ്രാജ്യുവലായിട്ടുള്ള വർദ്ധനവ് വരുത്താറുണ്ട്. ഫീസ് 4 ലക്ഷം രൂപയാക്കണമെന്നായിരുന്ന മാനേജുമെന്റുകൾ ആവശ്യപ്പെട്ടിരുന്നത്. ഒരു കാരണവശാലും അത് സാധ്യമല്ല എന്ന് പറഞ്ഞതുകൊണ്ട് അത് 1,75,000 രൂപയാക്കി.

XIV അവകാശലംഘന പ്രശ്നങ്ങൾ

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ.വി. ശിവൻകുട്ടി, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, സംസ്ഥാന ഡി.ജി.പി.ക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, നിയമസഭാ സെക്രട്ടറിക്കെതിരെ ശ്രീ. എ. കെ. ബാലൻ നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവർ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട മുൻ കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രി ശ്രീ. ശശി തരൂരിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസുകൾ എന്നിവയുടെയെല്ലാം അനുമതി നിഷേധിച്ചിരിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ.എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

XV പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സഭ മുമ്പാകെ വയ്ക്കാൻ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതുകൊണ്ട് ഈ സഭാസമ്മേളനം അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly